**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **23-07-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2 പേർക്ക് മരം മുറിക്കുന്നതിനുള്ള യന്ത്രവും ഒരാൾക്ക് തെങ്ങ് കയറുന്നതിനുള്ള യന്ത്രവും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | അനുവദിച്ച പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2 പേർക്ക് മരം മുറിക്കുന്നതിനുള്ള യന്ത്രവും ഒരാൾക്ക് തെങ്ങ് കയറുന്നതിനുള്ള യന്ത്രവും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപയിൽ) | നിയമസഭാ മണ്ഡലം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | വെള്ളൂക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | 555000/- | ചങ്ങനാശ്ശേരി | പദ്ധതി പൂർത്തീകരിച്ചു |
| 2. | മാന്നില കോളനി റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 615000/- | ചങ്ങനാശ്ശേരി | പദ്ധതി പൂർത്തീകരിച്ചു |
| 3 | മാറാട്ടുകുളം- പാലക്കുളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം | 945000/- | ചങ്ങനാശ്ശേരി | പദ്ധതി പൂർത്തീകരിച്ചു |
| 4. | മാടപ്പള്ളി ബ്ലോക്കിലെ വെള്ളുകുന്ന് കുടിവെള്ള പദ്ധതി | 5250000/- | ചങ്ങനാശ്ശേരി | പദ്ധതി പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ

# കോട്ടയം ജില്ലാ കളക്ടറുടെ നടപടി ഉത്തരവ്
(ഹാജർ : സി.എ.ലത ഐ.എ.എസ്.)

..........

വിഷയം :- പട്ടികജാതി വികസനം - പട്ടികജാതി വികസന വകുപ്പിന്റെ 2016-17 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ട് - നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന :-(1) സ.ഉ.(സാധാ) നം.864/2016/പജ.പവ.വിവ. തീയതി 21.06.2016.

(2) സ.ഉ.(കൈ) നം.68/2014/പജ.പവ.വിവ തീയതി 18.09.2014.

(3) പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 14.07.2016 ലെ P2-18750/2016 നമ്പർ ഉത്തരവ്.

(4) 26.10.2016 ൽ ചേർന്ന കോർപ്പസ് ഫണ്ട് 2016-17 ജില്ലാ സമിതി യോഗത്തിന്റെ തീരുമാനം.

---

**ഉത്തരവ് നമ്പർ :സി-7397/16/KTM(1)** **തീയതി : .11.2016**

---

പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമായ കോർപ്പസ് ഫണ്ട് ഇനത്തിൽ 2014-15 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുകയുടെ മൂന്നിലൊന്ന് തുക ജില്ലാ തലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപ വരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലാതലത്തിൽ നൽകാമെന്നും ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മറ്റി രൂപീകരിക്കുവാനും നിർദ്ദേശമുണ്ട്.

2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി സ്വീകരിച്ച നടപടി ക്രമങ്ങളുടെ സമാന മാതൃകയിൽ 2016-17 സാമ്പത്തികവർഷവും പദ്ധതി നിർവ്വഹണത്തിനായി സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകുകയും നടപ്പ് സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുക ഇതിനായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിടവ് നികത്തുന്നതിനും തദനുസരണമായ പ്രോജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതിനും, കോർപ്പസ് ഫണ്ട് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 1/3 തുകയിൽ 6100 ലക്ഷം രൂപ (ആറായിരത്തി ഒരുനൂറ് ലക്ഷം രൂപ മാത്രം) പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി വിവിധ ജില്ലാ കളക്ടർമാർക്ക് അനുവദിക്കുകയും ജില്ലകൾക്ക് അനുവദിക്കുന്ന ഈ ഫണ്ട് ചെലവഴിക്കുന്നതിനുള്ള കമ്മറ്റി രൂപീകരിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചന (2) ലെ സർക്കാർ ഉത്തരവു പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ജില്ലാ കളക്ടർ അദ്ധ്യക്ഷനും, ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവർ ഔദ്യോഗിക അംഗങ്ങളുമായുള്ള ജില്ലാ സമിതിയുടെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. സൂചന (3) ലെ ഉത്തരവു പ്രകാരം കോർപ്പസ് ഫണ്ട് വിഹിതമായി കോട്ടയം ജില്ലയ്ക്ക് 308.7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സൂചന (4) പ്രകാരം 26.10.2016 ന് ചേർന്ന ജില്ലാ സമിതി യോഗം ലഭ്യമായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

| | പദ്ധതിയുടെ പേര് | പദ്ധതി നിർ[illegible] | തുക |
|---|---|---|---|
| | വെള്ളൂക്കുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ് (മാടപ്പള്ളി ഗ്രാമപഞ്ചായത്ത്) | വെള്ളൂക്കുന്ന് കോളനിയ്ക്കകത്ത് 181 [illegible] റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ള എസ്റ്റിമേറ്റ്. | [illegible] |
| 2 | മാന്നില കോളനി റോഡ് കോൺക്രീറ്റിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 67 മീറ്റർ നീളത്തിലും ഒന്നര മീറ്റർ ഉയരത്തിലും റോഡിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് കോളനിയ്ക്കകത്ത് 75 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലും റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ്. | 615000 |
| 3 | മാറാട്ടുകുളം - പാലക്കുളം റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം | 80 മീറ്റർ നീളത്തിൽ റോഡിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് കോൺക്രീറ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ്. | 945000 |
| | | ആകെ | 2115000/- |

മേൽ സാഹചര്യത്തിൽ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതി വിഹിതമായ 21,15,000/- രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി തുടങ്ങുന്നതിനുമുമ്പായി ബന്ധപ്പെട്ട അധികാരിയിൽ നിന്നും സാങ്കേതിക അനുമതി വാങ്ങേണ്ടതാണ്.

പദ്ധതി പൂർത്തിയാക്കി വർക്ക് ബില്ലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കുന്ന മുറയ്ക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശുപാർശയോടെ, ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർ അനുവദനീയമായ തുകയ്ക്കുള്ള അലോട്ട്മെന്റ് ലെറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്നതുമാണ്.

വർക്ക് ബില്ലിനോടൊപ്പം ബന്ധപ്പെട്ട അനുബന്ധ രേഖകൾ, എം. ബുക്ക്, ഫോട്ടോ എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനർക്ക് (ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക്) സമർപ്പിക്കേണ്ടതാണ്. കൺവീനർ പരിശോധന റിപ്പോർട്ട് സഹിതം കോ-ഓർഡിനേറ്റർ (ജില്ലാ പ്ലാനിംഗ് ഓഫീസർ) വഴി കരട് ഉത്തരവ് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഫിനാൻസ് ഓഫീസർ, അലോട്ട്മെന്റ് ലെറ്റർ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്. ഫൈനൽ ബില്ലിനോടൊപ്പം വർക്ക് പൂർത്തീകരണ സർട്ടിഫിക്കറ്റ്/വിനിയോഗ സർട്ടിഫിക്കറ്റ്/കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ, കൺവീനർക്ക് സമർപ്പിക്കേണ്ടതുമാണ്. ടി പദ്ധതി 2017 ഫെബ്രുവരി 28 നകം പൂർത്തീകരിക്കേണ്ടതാണ്.

ജില്ലാ കളക്ടർ

പകർപ്പ്:-

(1) അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.
(2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
(3) ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.
(4) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി
(5) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I, മാടപ്പള്ളി ബ്ലോക്ക്.
(6) കരുതൽ ഫയൽ

# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം: പട്ടികജാതി വികസനം - കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ ഉൾപ്പെട്ട വെള്ളുകുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു

സൂചന: സ.ഉ(സാധാ) നമ്പർ 2836/2017/പജ.പവ.വിവ തീയതി 09-11-2017

---

ഉത്തരവ് നമ്പർ: പി1-13178/2017

തീയ്യതി: 15-11-2017

---

കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ ഉൾപ്പെട്ട വെള്ളുകുന്ന് കോളനി പ്രദേശത്ത് അനുഭവപ്പെടുന്ന അതിരൂക്ഷ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പ്രദേശവാസികൾ ചേർന്ന് രൂപികരിച്ച വെള്ളുകുന്ന് കുടിവെള്ള സമിതി എന്ന പേരിലുള്ള സംഘത്തിന്റെ പേരിൽ സ്വന്തമായി വാങ്ങിയിട്ടുള്ള 2 സെന്റ് സ്ഥലത്ത് വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ 28-10-2017 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ചതിനെ തുടർന്ന് ടി കുടിവെള്ള പദ്ധതി അംഗീകരിച്ച് സൂചന പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മാടപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വെള്ളുകുന്ന് കോളനി കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകികൊണ്ടും ഇതിലേയ്ക്കാവശ്യമായ 52.50 ലക്ഷം രൂപ (അൻപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് വർഷത്തെ ബഡ്ജറ്റിലെ 2225-01-800-57 കോർപ്പസ് ഫണ്ട് (പ്ലാൻ) ശിർഷകത്തിൽ നിന്ന് തേർച്ച ചെയ്യാവുന്നതാണ്.

വെള്ളുകുന്ന് കോളനി പ്രദേശത്ത് ആകെയുള്ള 33 പട്ടികജാതി കുടുംബങ്ങൾക്ക് മാത്രമായി പൈപ്പു കണക്ഷൻ പരിമിതപ്പെടുത്തേണ്ടതാണ്. കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർ മേൽ തുക യഥാവിധി മാറി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകേണ്ടതും, പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരണ റിപ്പോർട്ട്, ധനവിനിയോഗ സർട്ടിഫിക്കറ്റ്, കുടിവെള്ള ലഭ്യത സംബന്ധിച്ച റിപ്പോർട്ട് എന്നിവ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വാങ്ങി വകുപ്പു ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്

(ഒപ്പ്)
ഡയറക്ടർ

ജില്ലാ പട്ടികജാതി വികസന ഓഫീസർ,
കോട്ടയം

പകർപ്പ്:

1 അക്കൗണ്ടന്റ് ജനറൽ,കേരള, തിരുവനന്തപുരം
2 ഫിൻ എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന്)
3 മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
5 എക്സിക്യൂട്ടീവ് എൻജിനീയർ, പി.എച്ച് ഡിവിഷൻ, തിരുവല്ല
6 ചീഫ് പ്ലാനിംഗ് ഓഫീസർ
7 റിസർച്ച് ഓഫീസർ
8 റൂ.പണ്ട്. പ്ലാനിംഗ് സെക്ഷൻ
9 സ്റ്റോക്ക് ഫയൽ/അധികം

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

D FOR SC
OTTAYAM